**പ്രസ്സ് റിലീസ് PRESS RELEASE**

**ഭാരതീയ റിസർവ് ബാങ്ക്**

**RESERVE BANK OF INDIA**

വെബ്സൈറ്റ് : www.rbi.org.in/hindi

Website : www.rbi.org.in

ഇ-മെയിൽ : helpdoc@rbi.org.in

**ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ**, സെൻട്രൽ ഓഫീസ്, എസ്.ബി.എസ്. മാർഗ്, മുംബൈ - 400 001

**DEPARTMENT OF COMMUNICATION**, Central Office, S.B.S. Marg, Mumbai - 400 001

Phone : 91 22 2266 0502 Fax : 91 22 22660358

ജനുവരി 28, 2019

**സിറ്റി കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്,**

**ഹസൻ, കർണാടക-ക്ക് പിഴ ചുമത്തി**

ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 ലെ സെക്ഷൻ 46(4)നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 47എ(1)(സി)യിലെ വ്യവസ്ഥകൾ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ബാധകമായവ) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പ്രയോഗിച്ചു കൊണ്ട് ഭാരതീയ റിസർവ് ബാങ്ക്, സിറ്റി കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, ഹസൻ, കർണാടക-ക്ക് 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) യുടെ ഒരു ധനപരമായ പിഴചുമത്തിയിരിക്കുന്നു. ഡയറക്ടർമാർക്ക് അല്ലെങ്കിൽ അവരുടെ പ്രത്യേകിച്ചു പറയപ്പെട്ട ബന്ധുക്കൾക്ക് വായ്പകൾ അനുവദിക്കുന്നതിൽ ആർബിഐയുടെ നിലവിലിരിക്കുന്ന മാനദണ്ഡങ്ങൾ ലംഘിച്ചതിനാണ് ഈ നടപടി.

ബാങ്കിന് ഭാരതീയ റിസർവ് ബാങ്ക് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അതിന് പ്രതികരണമായി ബാങ്ക് പേഴ്സണൽ ഹിയറിങ് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കാര്യത്തിലെ വസ്തുതകളും, വിഷയത്തിൽ ബാങ്ക് നൽകിയ നിവേദനവും പരിഗണിച്ച ശേഷം, ലംഘനങ്ങൾ സ്ഥിരീകരിക്കപ്പെട്ടു വെന്നും പിഴചുമത്തൽ ന്യായീകരിക്കാവുന്നതുമാണെന്ന തീരുമാനത്തിൽ റിസർവ് ബാങ്ക് എത്തിച്ചേരുകയാണുണ്ടായത്.

**അജിത് പ്രസാദ്**

അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ്: 2018-2019/1764**